# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2037

19.06.2012- ലെ മറുപടിക്ക്

<u>സഹകരണ ബാങ്കുകളിൽ ജോലി ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഡ്യൂട്ടിലീവ്</u>

**ചോദ്യം**

ശ്രീ. റ്റി.വി. രാജേഷ് :

എ) സഹകരണ ബാങ്കുകളിൽ ജോലി ചെയ്തു വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് നിലവിൽ എത്ര ദിവസത്തെ ഡ്യൂട്ടിലീവാണ് അനുവദിക്കുന്നത്;

ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളായ എയിഡഡ് സ്കൂൾ/ എയിഡഡ് കോളേജ് അധ്യാപകർ, അദ്ധ്യാപകേതര ജീവനക്കാർ എന്നിവർക്ക് എത്ര ദിവസത്തെ ഡ്യൂട്ടി ലീവാണ് അനുവദിക്കുന്നത്;

സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളായ സഹകരണ ബാങ്ക് ജീവനക്കാർക്ക് ഡ്യൂട്ടിലീവ് വർദ്ധിപ്പിക്കണമെന്നത് സംബന്ധിച്ച് നല്കിയ നിവേദനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

എ) സഹകരണ ബാങ്കുകളിൽ ജോലി ചെയ്തു വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് ഡ്യൂട്ടി ലീവ് അനുവദിച്ചു നൽകിയിട്ടില്ല. എന്നാൽ ടി ജീവനക്കാർക്ക് ഒരു വർഷം 12 ദിവസത്തെ സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിച്ചിട്ടുണ്ട്.

ബി) പതിനൊന്നാം പഞ്ചവത്സര പദ്ധതിയിലെ ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളായിരിക്കുന്ന എയ്ഡഡ് സ്കൂൾ/എയ്ഡഡ് കോളേജ് അദ്ധ്യാപകർ, എയ്ഡഡ് സ്കൂൾ/എയ്ഡഡ് കോളേജ് അദ്ധ്യാപകേതര ജീവനക്കാർ, അർദ്ധ സർക്കാർ ജീവനക്കാർ എന്നിവർക്ക് പ്രസ്തുത പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിന് ഒരു വർഷം പരമാവധി 30 ദിവസം ഡ്യൂട്ടി ലീവ് 11.06.2008-ലെ ജി.ഒ. (എം.എസ്)നമ്പർ.162/08/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം അനുവദിച്ചിട്ടുണ്ട്.

സി) സർക്കാർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ